LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) സമർപ്പിച്ചിട്ടുണ്ട്. 31-10-2019-ലെ സ.ഉ (കൈ) നമ്പർ 29/2019/വനം പ്രകാരമാണ് സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പൂജ്യം മുതൽ ഒരു കി.മീ. വരെയുള്ള പ്രദേശത്തെ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി തീരുമാനിച്ചത്. ഇതിനെ തുടർന്ന് തട്ടേക്കാട് പക്ഷി സങ്കേതത്തിന് ചുറ്റുമുള്ള ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കി ഭേദഗതി വരുത്തിയ പ്രൊപ്പോസൽ സർക്കാർ കത്ത് നം. ഡി2/46/2019/വനം പ്രകാരം 16-11-2020-ന് സർക്കാരിൽനിന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പുതുക്കിയ പ്രൊപ്പോസലിൽ വേഗത്തിൽ തീരുമാനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സമയാസമയം നടത്തുന്ന വിദഗ്ധ സമിതിയുടെ (എക്സ്പെർട്ട് കമ്മിറ്റി) യോഗത്തിനുശേഷമാണ് ഇതുസംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്. ഈ വിദഗ്ധ സമിതിയുടെ യോഗം ചേർന്നതിനുശേഷം കേരള സർക്കാർ സമർപ്പിച്ച തട്ടേക്കാടിന്റെ പുതുക്കിയ പ്രൊപ്പോസലിൻമേൽ തീരുമാനം കൈക്കൊള്ളുന്നതും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ്.

വയനാട് ജില്ലയിലെ താത്കാലിക വാച്ചർമാർ

124(5571) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഇരുപത് വർഷത്തോളമായി താത്കാലികാടിസ്ഥാനത്തിൽ വനം വകുപ്പിൽ വാച്ചർമാരായി ജോലി ചെയ്യുവരുന്നവർ എത്ര പേരുണ്ടെന്നും അവരുടെ പേര് വിവരവും ഓരോരുത്തരും എന്നുമുതൽ ഈ വിധം ജോലി ചെയ്യുവരുന്നു എന്നുമുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) ഇത്തരത്തിൽ ജോലി ചെയ്തിരുന്നവരെമുമ്പ് സ്ഥിരപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ എപ്പോഴാണ് ഇത്തരത്തിൽ അവസാനമായി സ്ഥിരപ്പെടുത്തിയതെന്നും എത്രപേരെയെന്നും അവരുടെ പേരും സ്ഥിരപ്പെടുത്തിയതിന്റെ മാനദണ്ഡങ്ങളും ലഭ്യമാക്കാമോ?

വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലിനോക്കിവന്നിരുന്നതും 56 വയസ്സ് കഴിയാത്തവരുമായ ജീവനക്കാരെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നു. ഇതിൽ വയനാട് ജില്ലയിൽ സ്ഥിരപ്പെടുത്തിയവരുടെ വിവരം അനുബന്ധമായി * ചേർക്കുന്നു.

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം

125(5572) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി വനം വകുപ്പ് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യംവച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യംവച്ച് റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനംവകുപ്പിനുകീഴിൽ വനത്തിനകത്തുള്ള ആദിവാസി ഇതര സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം, സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ, സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകളുടെ ഏറ്റെടുക്കൽ എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം - പുനരധിവാസത്തിന് സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ സംസ്ഥാന ലെവൽ എംപവേഡ് കമ്മിറ്റി (SLEC) 78 അർഹതപ്പെട്ട കുടുംബങ്ങളുടെ (ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ-57, കാസർഗോഡ് ഡിവിഷൻ-21) പുനരധിവാസത്തിന് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടി ക്രമങ്ങൾ അതാത് ഡിവിഷനുകീഴിൽ പുരോഗമിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly